## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4476 — 20.10.2011-ൽ മറുപടിക്ക്

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ | ശ്രീ.ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി. |
| (എ) സിവിൽ സർവ്വീസിന്റെ കാര്യ ക്ഷമതക്കുറവ് ഇല്ലാതാക്കാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേ ശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് സേവനാവകാശ നിയമം നടപ്പി ലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഭരണപരിഷ്കാര കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകൾ ആണ് നടപ്പിലാക്കിയത് ; വിശദാംശം ലഭ്യമാക്കാമോ ;<br><br>(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ വകുപ്പിലും എന്തെല്ലാം നടപ ടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ? | (ബി)യും (സി)യും<br>മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1,2,3,4,6,7,8,10,11, 12,13 നമ്പരുകളായുള്ള 11 റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരി ക്കുന്നു. ഇവയുടെ നടപ്പാക്കൽ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

## മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റി റിപ്പോർട്ടിലെ അംഗീകരിച്ച ശുപാർശകൾ

ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

1. പൗരാവകാശ പത്രിക.
2. സുതാര്യതയും അറിയുവാനുള്ള അവകാശവും.
3. പൊതുജനപരാതി പരിഹാരം
4. അധികാര വികേന്ദ്രീകരണവും ഭരണപരിഷ്കാരവും
5. മോണിറ്ററിംഗ്.

രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

സർക്കാർ ഉദ്യോഗസ്ഥരുടെ ഹാജർ നിരീക്ഷണ-നിയന്ത്രണം(Punching)

മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

1. ധനപരമായ പരിഷ്കാരങ്ങൾ
2. ഭരണ വകുപ്പിന്റെയും വകുപ്പദ്ധ്യക്ഷൻമാരുടെയും നിലവിലുള്ള ധനപരമായ അധികാരം വർദ്ധിപ്പിക്കുക.
3. സാമ്പത്തിക നിയന്ത്രണം ഏകീകരിക്കുക.

നാലാമത് റിപ്പോർട്ടിലെ ശുപാർശകൾ

1. കഴിവ് മെച്ചപ്പെടുത്തൽ
2. നിയമന-സ്ഥാന നിർണ്ണയം
3. അച്ചടക്കം.

ആറാമത് റിപ്പോർട്ടിലെ ശുപാർശകൾ

ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവും ബന്ധപ്പെട്ടകാര്യങ്ങളും നടപടി ക്രമങ്ങളും ലഘൂകരിക്കുന്നത് സംബന്ധിച്ച്.

ഏഴാമത് റിപ്പോർട്ടിലെ ശുപാർശകൾ

സംസ്ഥാന നിയമ കമ്മീഷൻ രൂപീകരണം - കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും പരിഷ്കരിക്കാനും ലളിതമാക്കാനും വേണ്ടി ഒരു ലോ കമ്മീഷൻ രൂപികരിക്കൽ.

എട്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

പട്ടികജാതി, പട്ടികവർഗ്ഗ, കിർത്താർഡ്സ്, സോഷ്യൽ വെൽഫെയർ എന്നീ വകുപ്പുകളിലെ ഭരണപരിഷ്കാരങ്ങൾ.

പത്താമത് റിപ്പോർട്ടിലെ ശുപാർശകൾ
പൊതുമരാമത്ത് പ്രവർത്തനങ്ങളുടെ നടപ്പിലാക്കൽ

പതിനൊന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ
സർക്കാരും പൊതുമേഖലാസ്ഥാപനങ്ങളും തമ്മിലുള്ള അനുരഞ്ജനം.

പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ
ആരോഗ്യ മേഖലയിലെ വികസനം.

പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ
അധികാര വികേന്ദ്രീകരണം സംബന്ധിച്ച സ്ഥാപന വൽക്കരണ ശുപാർശകൾ

സെക്ഷൻ ഓഫീസർ